**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2583

17.06.2019- ൽ
മറുപടിയ്ക്ക്

# ആലത്തൂർ മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് പട്ടയവിതരണം

| ചോദ്യം<br>ശ്രീ.കെ.ഡി. പ്രസേനൻ | | മറുപടി<br>ശ്രീ.ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) ഈ സർക്കാരിന്റെ കാലത്ത് ആലത്തൂർ മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് പട്ടയം ലഭ്യമാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | എ) | ഈ സർക്കാരിന്റെ കാലത്ത് ആലത്തൂർ മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആർക്കും പട്ടയം നൽകിയിട്ടില്ല. |
| (ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് ഇനിയും പട്ടയം ലഭ്യമാക്കാനുണ്ട് എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ;<br>(സി) പട്ടയം സമയബന്ധിതമായി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | ബി) & സി) | ആലത്തൂർ താലൂക്ക് മംഗലംഡാം വില്ലേജിൽ 22 ആദിവാസി കുടുംബങ്ങൾ കൈവശഭൂമിയ്ക്ക് പട്ടയം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷയിൽ തുടർനടപടി സ്വീകരിച്ച് 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ നിയമം സെക്ഷൻ 2 പ്രകാരം വനഭൂമി വനേതര ആവശ്യത്തിന് ഉപയോഗിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതിയ്ക്കായി ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് ഭൂമി പതിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ